LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഗുണമേൻമ കൂടിയ കാർഡുകൾ ഉപയോഗിക്കാൻ നടപടി

118 [701] *ശ്രീ. വി. കെ. സി. മമ്മത്കോയ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് നൽകിയ സർട്ടിഫിക്കറ്റിന് ഗുണമേൻമ കുറഞ്ഞ കാർഡാണ് ഉപയോഗിച്ചതെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ നിർദ്ദേശം എന്താണെന്നും ഇത് പാലിച്ചിരുന്നോ എന്നും വ്യക്തമാക്കുമോ;

(സി) വളരെക്കാലം സൂക്ഷിക്കേണ്ട ഈ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഗുണമേൻമ കൂടിയ കാർഡുകൾ ഉപയോഗിക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ വർഷം മുൻവർഷത്തേക്കാൾ ഗുണമേൻമയുള്ള കാർഡാണ് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യാൻ ഉപയോഗിച്ചിട്ടുള്ളത്.

(ബി) & (സി) ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ലോകായുക്ത ഇക്കാര്യത്തിൽ ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശം അനുസരിച്ച് ഗുണമേന്മയുള്ള കാർഡുകൾ (കട്ടിയുള്ള ബോണ്ട് പേപ്പർ) തന്നെയാണ് സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യാൻ ഉപയോഗിച്ചത്.

പാഠപുസ്തക വിതരണം

119 [702] *ശ്രീ. എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ തുറന്നു മാസം കഴിഞ്ഞിട്ടും പാഠപുസ്തകങ്ങളുടെ വിതരണം പൂർണ്ണമായിട്ടില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിൽ ഏതൊക്കെ വിദ്യാഭ്യാസ സബ് ജില്ലകളിലാണ് ഇനിയും പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ ഇനിയും പ്രിന്റ് ചെയ്യാൻ ഉണ്ട് എന്ന് വ്യക്തമാക്കാമോ;